# ഐവർകുളം ഗ്രാമീണ പാഠശാല യുപി സ്കൂൾ

ഐവർകുളം

പി ഓ മുണ്ടല്ലൂർ

കണ്ണൂർ 6 7 0 6 2 2

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025 - 26



| ക്ലബ്ബുകൾ | കൺവീനർ |
|---|---|
| എസ്. ആർ ജി | ദിവ്യ.വി. |
| സ്റ്റാഫ് സെക്രട്ടറി | ശ്രീഷ രവി കെ. |
| സയൻസ് ക്ലബ് | സീന എം.എ. |
| ഗണിതം ക്ലബ്ബ് | ജിതേഷ് ടി.വി. |
| ഹിന്ദി ക്ലബ് | |
| സോഷ്യൽ സയൻസ് | പ്രവിഷ എം. |
| സംസ്കൃതം ക്ലബ്ബ് | സജ്ന ഷ. |
| ആരോഗ്യം | ശ്രീഷ ഗോപി. |
| പരിസ്ഥിതി ക്ലബ്ബ് | ഷിമി ടി.സി. |
| സ്പോർട്സ് | സഫറീന കെ.പി. |
| വിദ്യാരംഗം കലാ സാഹിത്യ വേദി | ശ്രീഷ ഗോപി. |
| പ്രവർത്തിപരിചയം | സഫറീന കെ.പി. |
| ഇംഗ്ലീഷ് ക്ലബ്ബ് | ശ്രീഷ രവി കെ. |
| | |

## ആമുഖം

കാലത്തിന്റെ മാറ്റം ഉൾക്കൊണ്ട് ശാസ്ത്ര സാങ്കേതികവും അറിവുകളെ കുട്ടികളിൽ എത്തിക്കുക എന്നതും പൂർവ്വകാല മാനുഷിക മൂല്യങ്ങൾക്ക് ഒരു പുതുതലമുറിയ വാർത്തെടുക്കുക എന്ന ദൗത്യം പ്രൈമറി തലത്തിൽ ജോലിചെയ്യുന്ന അധ്യാപകരായ നമ്മുടെ കടമയും കർത്തവ്യവുമാണ്.

നല്ലൊരു ഭാവി തലമുറ നമ്മുടെ കൈകളിൽ ഭദ്രമായിരിക്കണം. ആയതിന് നല്ലൊരു ആസൂത്രണം കൂടിയേ തീരൂ. കൂട്ടായ ഒരു മുന്നൊരുക്കവും സമയബന്ധിതമായ ഒരു പ്രവർത്തനാസൂത്രണവും നടത്തിയ ഒരു പദ്ധതിക്കു മാത്രമേ വിജയം കാണാനും ലക്ഷ്യപ്രാപ്തി കൈവരിക്കാനും സാധിക്കൂ. ഇതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസരംഗം സമീപകാലങ്ങളായി സജീവമായ കർമ്മപഥത്തിലാണ്. രാഷ്ട്രപിതാവ് മഹാത്മജിയുടെ വാക്കുകളിലൂടെ പറഞ്ഞാൽ ഒരു കുട്ടിയുടെ സർവ്വലോകമായ വികസനം ആയിരിക്കണം അവനു ലഭിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസത്തിലൂടെ ലഭിക്കേണ്ടത്
അറിവിൻറെ തലം വ്യക്തിത്വ വികസനം സ്വയം പര്യാപ്തത പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കഴിവ് കുട്ടിയുടെ നൈപുണ്യ വികാസം തന്റെ കഴിവുകളെ പ്രകടിപ്പിക്കാനും വികസിപ്പിക്കാനും ഉള്ള അവസരം ഇവയെല്ലാം സ്വായത്തമാക്കാനുള്ള ഇടമായിരിക്കണം നമ്മുടെ വിദ്യാലയങ്ങൾ നാം വിഭാവനം ചെയ്യുന്ന പദ്ധതികൾ കഴിയോജ്യമായിരിക്കണം ഗ്രാമീണ പാഠശാല യുപി സ്കൂൾ ഒരുക്കിയ അക്കാദമി മാസ്റ്റർ പ്ലാൻ 2025- 26 ഇതോടൊപ്പം സമർപ്പിക്കുന്നു.

# പെർഫോമ

വിദ്യാലയത്തിന്റെ പേര് :

ഐവർകുളം ഗ്രാമീണ പാഠശാല യുപി സ്കൂൾ

ഇമെയിൽ അഡ്രസ് :

iverkulamgpups2012@gmail.com

സ്കൂൾ കോഡ് : 13 213

സ്കൂൾ തരം: എയ്ഡഡ്

ക്ലാസ് : ഒന്നുമുതൽ ഏഴ് വരെ

സർക്കാർ വകുപ്പിന്റെ പേര് :

പൊതു വിദ്യാഭ്യാസ വകുപ്പ്

വിദ്യാഭ്യാസ ഉപജില്ല : കണ്ണൂർ സൗത്ത്

വിദ്യാഭ്യാസ ജില്ല : കണ്ണൂർ

അസംബ്ലി നിയോജകമണ്ഡലം: ധർമ്മടം

പാർലമെൻറ് നിയോജകമണ്ഡലം :കണ്ണൂർ

ബ്ലോക്ക് : എടക്കാട്

താലൂക്ക് : കണ്ണൂർ

പഞ്ചായത്ത് : പെരളശ്ശേരി

വില്ലേജ് : മക്രേരി

വാർഡ് : 8

സ്ഥാപിച്ച വർഷം:

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം തരം

## 2025-26

ക്ലാസ് ടീച്ചറുടെ പേര്: ശ്രീഷ ഗോപി

വിദ്യാലയം : ചെല്ലവർകളം ഗ്രാമീണ പാഠശാല യു പി സ്കൂൾ

ഉപജില്ല : കണ്ണൂർ സൗത്ത്

ജില്ല : കണ്ണൂർ

വിഷയം - മലയാളം

ലക്ഷ്യങ്ങൾ

- ചിന്തകളിലൂടെ ആശയങ്ങൾ കണ്ടെത്തി ലഘു വാക്യങ്ങളിലൂടെ ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കാൻ പ്രാപ്തരാക്കുക.
- പാട്ടുകൾ ഈണം, താളം തിരിച്ചറിഞ്ഞ് അവതരിപ്പിക്കാനുള്ള അറിവ് നേടുന്നു
  വരികൾ കൂട്ടിച്ചേർത്ത് പാടാൻ കഴിവുള്ളവരാക്കുക.
- സ്വായത്തമാക്കിയ അക്ഷരങ്ങൾ കൂട്ടിച്ചേർത്തു അർത്ഥപൂർണ്ണമായ പദങ്ങൾ,വാക്യങ്ങൾ ,ആശയങ്ങൾ
  എഴുതുവാനും വായിക്കുവാനും കഴിവുള്ളവരാക്കുക.
- ശബ്ദവും ലിപിരൂപവും പൊരുത്തപ്പെടുത്തി വാക്യങ്ങൾ അക്ഷരങ്ങൾ മുതലായവ തിരിച്ചറിഞ്ഞ് വായിക്കുന്നു.
- വരച്ചും പറഞ്ഞും എഴുതിയും പറഞ്ഞും തന്റെ ആശയങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ ആവിഷ്കരിക്കാൻ
  കഴിവുള്ളവരാക്കുന്നു.

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | പിന്തുണ |
| --- | --- | --- | --- |
| നിർമ്മാണ ശില്പശാല | പരിസരത്തിൽ സാധാരണമായ കളി ഉപകരണങ്ങൾ പരിചയപ്പെടുത്തുക.<br>പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങൾ ആക്കി മാറ്റുക.<br>കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക. | ജൂൺ -മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ<br>പ്രദേശികൾ |
| സംയുക്ത ഡയറി | ആശയാവതരണ ശേഷിയുടെ ഉയർന്ന ക്ലാസിൽ സംയുക്ത ഡയറിയെഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് നയിക്കാനാകുകയും ചെയ്യുന്നു.<br>വായിച്ച് ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടിയുടെ വാചികാവതരണശേഷി വികസിപ്പിക്കുക<br>എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | ജൂൺ -മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ |
| വായനാകൂട്ടപദ്ധതി ക്ലാസിലൊരു ലൈബ്രറി, വീട്ടിലൊരു ലൈബ്രറി | വായനാദിനത്തിൽ ക്ലാസിലും, വീട്ടിലും ലൈബ്രറി ഒരുക്കുക.<br>എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.<br>കുട്ടികൾക്ക് വായിക്കുന്നതിനുള്ള പുസ്തകശേഖരം നടത്തുക.<br>കുട്ടികളോടൊപ്പം രക്ഷിതാക്കളെയും വായനയിൽ പങ്കാളികളാക്കുന്നു. | ജൂൺ -മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ |
| വായനോത്സവം മുതൽ കഥോത്സവം വരെ | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക.<br>വായിച്ചുഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടിയുടെ വാചികാവതരണശേഷി വികസിപ്പിക്കുക.<br>ആശയ ഗ്രഹണ വായന,ആസ്വാദ്യവായന എന്നിവ പ്രോത്സാഹിപ്പിക്കുക | ജൂലൈ -മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ |
| റീഡേഴ്സ് തിയേറ്റർ | ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക<br>വായനയുടെ ആവിഷ്കാരസന്ദർഭം ഒരുക്കുക. | ജൂലൈ -മാർച്ച് | അധ്യാപകർ<br>രക്ഷിതാക്കൾ |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | പിന്തുണ |
|---|---|---|---|
| രചനോത്സവം | കുട്ടികളുടെ സർഗാത്മ ശേഷി വികസിപ്പിക്കുന്നതിന് | ജൂലൈ,- ഫെബ്രുവരി ( മാസംതോറും ) | അധ്യാപിക രക്ഷിതാക്കൾ |
| | സ്വതന്ത്ര രചനയ്ക്ക് ( ആശയപ്രകടനം )അവസരം ഒരുക്കുക. | | |
| | രചനകൾ സമൂഹവുമായി പങ്കിടുക. | | |
| പാട്ടരങ്ങ് | താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. | ജൂൺ- മാർച്ച് | അധ്യാപിക രക്ഷിതാക്കൾ |
| | ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ. | | |
| | ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവും ആകുന്നു. | | |
| ക്ലാസ് പത്രം | പരസ്പര പിന്തുണ ഉറപ്പാക്കാൻ സാധിക്കുന്നു. | ആഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം. | അധ്യാപിക |
| | ദൈനംദിനം അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു. | | |

English

**Aim**

- Participate in simple communication contexts such as responding to questions, instructions,pictures etc..
- Sing songs with actions and rhythm.
- Describe actions using appropriate vocabulary.
- Describe object and pictures.
- To improve reading skills.
- to improve writing skills.
- To create an English test
- Easy reading

| Programme | Activities | Duration | Materials | Source |
|---|---|---|---|---|
| Sing songs with action and rhythm<br><br>Oral description Describe objects and pictures | Gives situations to sing songs and make choreography to conduct programme for Songs<br><br>To provide opportunities to listen to the target language to arrange picture cards for oral description<br>To use ICT showing pictures to show items (fruits, vegetables etc..) for describing | 1 Year<br><br>1 year | videos Songs ICT<br><br>Cards Items for describing | Teacher, ICT<br><br>Teacher, ICT |
| To improve reading skill | To provide opportunities to the learners to engage in graphic reading and writing special care should be taken for the learners<br><br>To allow the children to lead reading card's<br><br>To conduct a workshop for making reading materials ( reading card's with the help of parents) | 1 year | Reading cards ICT Library | Teacher Library ICT Parents |

## ഗണിതം

### ലക്ഷ്യങ്ങൾ

- നിത്യജീവിതത്തിൽ ഗണിതത്തിന് പ്രസക്തി ബോധ്യപ്പെടുത്തുക , അഭിരുചി വളർത്തുക.
- സംഖ്യാബോധം ഉറപ്പിക്കുന്നതിന്
- ഗണിതാസ്വാദനം
- ഗണിത ക്ലബ്ബ് രൂപീകരണം
- ഗണിത ലാബ് വികസിപ്പിക്കുന്നതിന്
- ഗണിതവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്
- ഉല്ലാസ ഗണിതം ഗണിതം കളിയിലൂടെ പഠിപ്പിക്കുന്നതിന്

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | പിന്തുണ |
|---|---|---|---|
| ഗണിത പസിൽ | * ഗണിത കടങ്കഥകളുടെയും പസിലുകളുടെയും സാധ്യതകൾ പരിചയപ്പെടുത്തുക.<br>കുട്ടികളിൽ ഗണിതാഭിരുചി വളർത്തുക | ജൂൺ - മാർച്ച് | അധ്യാപകർ |
| മഞ്ചാടി സഞ്ചി | * ദൈനംദിനജീവിതവുമായുള്ള ഗണിത പഠനസാധ്യതകൾ പരിചയപ്പെടുത്തുക.<br>പ്രായോഗികതലത്തിൽ ഗണിതത്തെ സമീപിക്കാനുള്ള സന്ദർഭം ഒരുക്കുക. | ജൂൺ - മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ |
| നിർമ്മാണ ശില്പശാല | * ഗണിത പഠനോപകരണ സാധ്യതകൾ പരിചയപ്പെടുത്തുക.<br>കുട്ടികളുടെ കരകൗശല വൈഭവവും കഴിവുകളും വികസിപ്പിക്കുക | മെയ് -മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ പ്രവർത്തകർ |
| പാട്ടരങ്ങ് | ഗണിത പഠനം ആസ്വാദ്യകരമാക്കുക.<br>ഗണിത പാട്ടുകൾ കണ്ടെത്താനും അവതരിപ്പിക്കാനും അവസരമൊരുക്കുക. | ജൂൺ - മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## രണ്ടാം ക്ലാസ്

## 2025-26

ക്ലാസ് ടീച്ചറുടെ പേര്: സഫറീന കെ പി

വിദ്യാലയം : ചെല്ലൂർകളും ഗ്രാമീണ പാഠശാല യു പി സ്കൂൾ

ഉപജില്ല : കണ്ണൂർ സൗത്ത്

ജില്ല : കണ്ണൂർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|
| ണ്ടാം ക്ലാസിലെ മുഴുവൻ പാഠ ങ്ങളും സചിത്ര പുക രൂപത്തിൽ അവതിരിപ്പിക്കു ന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.<br>* എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം ലഭ്യമാകുന്നു.<br>*കുട്ടികൾ സ്വതന്ത്ര രചയിതാക്കളും, വായനക്കാരായി മാറുന്നു.<br>* പ്രവർത്ത നങ്ങളിൽ പരിസരപഠനം, ഭാഷ, കലാകായിക | സചിത്ര പാഠപുസ്തകം<br>* വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര പുസ്തകം കുട്ടികൾക്ക് വിതരണം ചെയ്യുന്നു.<br>*സചിത്ര പുസ്തകം അജണ്ട ആക്കിയുള്ള പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ, വിലയിരുത്തൽ.<br>* രണ്ട്, മൂന്ന് ഘട്ടങ്ങളിൽ വർക്ക് ബുക്ക് വിതരണം.<br>*സചിത്ര ബുക്കുകൾ | ജൂൺ -മാർച്ച് | ക്ലാസ്സ് ടീച്ചർ, പി ടി എ , എസ് എസ് കെ. |

# Std: III

# Academic Master Plan

STD III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപര പിന്നോക്കാവസ്ഥ പരിഹരിക്കൽ. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പിന്തുണ നൽകി കൊണ്ടുള്ള പ്രവർത്തനം നൽകുന്നു. | ആഗസ്റ്റ് | SRG ക്ലാസ് ടീച്ചർ |
| വായനക്ക് പ്രാധാന്യം | എല്ലാ ആഴ്ചയിലും ലൈബ്രറി പുസ്തകം നൽകി കൊണ്ട് വായനക്ക് പ്രാധാന്യം നൽകുന്നു. | വർഷം മുഴുവൻ. | SRG ക്ലാസ് ടീച്ചർ |
| കടങ്കഥകൾ പഴഞ്ചൊല്ലുകൾ പരിചയപ്പെടൽ | കടങ്കഥകൾ പഴഞ്ചൊല്ലുകൾ പ്രാധാന്യം നൽകുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനം നൽകുന്നു | SRG. ക്ലാസ് ടീച്ചർ |

# മാസ്റ്റർ പ്ലാൻ

Std - 4

മേഖല : ഭാഷ

ക്ലാസ്സ് : IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്തുണ വേണ്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ | ലക്ഷ്യം നേടുന്ന വരെ | SRG ക്ലാസ്സ് ടീച്ചർ |
| വായനാശേഷി വളർത്തൽ | ക്ലാസ്സ് ലൈബ്രറി ഒരുക്കൽ പിറന്നാളിനൊരു പുസ്തകം. രചനാപരിചയ കുറിപ്പ് തയാറാക്കൽ ആനുകാലിക വായന | വർഷം മുഴുവൻ | SRG ക്ലാസ്സ് ടീച്ചർ CPTA. |
| എഴുത്ത് പരിപോഷിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും ലഭിച്ച വ്യവഹാരരൂപങ്ങൾ കൂടുതലായി തയാറാക്കൽ | വർഷം മുഴുവൻ | SRG ക്ലാസ്സ് ടീച്ചർ |
| അറിവുകൾ ICT സാധ്യതകളിലൂടെ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് അധികവിവരങ്ങൾ വീഡിയോ ഓഡിയോ etc | ആവശ്യാനുസരണം. | ക്ലാസ്സ് ടീച്ചർ |

ഭാഷ : English

ക്ലാസ്സ് : IV

| Aim | Activities | Time | Duty |
|---|---|---|---|
| o speak, Read d write English ithout mistakes | Hello English activities, conversations, skit stories, Use ICT | June to March. | class Tr. SRG |
| Listening skills | Games, Actions songs etc. | June to August | class Tr. |
| Speaking skills. Identify the actions words, naming words using pictures. | Picture description, Growing sentences, picture reading, self introduction. | August - September | class Tr. |
| Reading skills | Books reading Find words collect and read past tense Rhyming words TB activities | whole year | class Tr. |
| writing skills | Dairy, notice conversation, | whole year | class Tr. |

മേഖല: പരിസരപഠനം.

ക്ലാസ്സ്: IV

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| പ്രകൃതി നടത്തം നിരീക്ഷണം, അറിവു നിർമ്മാണം. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം. | ക്ലാസ്സ് ടീച്ചർ |
| ഇന്ത്യയിലൂടെ നാം സ്വാതന്ത്ര്യത്തിലേക്ക് കടന്നു വന്ന വഴികൾ തിരിച്ചറിയാൻ, വൈവിധ്യങ്ങൾ നിറഞ്ഞതാണ് ഇന്ത്യാരാജ്യം എന്ന തിരിച്ചറിവ് രൂപീകരിക്കൽ | സ്വാതന്ത്ര്യസമരങ്ങളെയും സേനാനികളെയും മനസ്സിലാക്കുന്നു. വീഡിയോ പ്രദർശനം, ജിഗ് സോ, പദപ്രശ്നം, റോൾ പ്ലേ etc. നാടകം. | സന്ദർഭാനുസരണം | ക്ലാസ്സ് ടീച്ചർ, SRG. |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, ലാബുപകരണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | SRG ക്ലാസ്സ് ടീച്ചർ |
| ഭൂപടവായന (ഇന്ത്യ, കേരളം) | ഭൂപട വായന, ഭൂപട രചന | സന്ദർഭാനുസരണം. | ക്ലാസ്സ് ടീച്ചർ |
| കലാകേരളം- കേരളത്തിന്റെ സാംസ്കാരികത്തനിമ അറിയൽ | വ്യത്യസ്ത തരം കലാരൂപങ്ങൾ, സാഹിത്യമേഖലകൾ, ഗാനശാഖകൾ, നാടൻ കലകൾ തുടങ്ങിയവ പ്രദർശനം, വീഡിയോ | | |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ | | |
| ലക്ഷ്യം. ഗണിതപഠനം രസകരമാക്കൽ ഗണിതക്രിയകൾ ലളിതമാക്കൽ) | വിവിധതരം ഗണിത കളികളിൽ ഏർപ്പെടൽ, നടത്തൽ (ഏണിയും പാമ്പും, ഡയസ് കളി, കാർഡുകളി etc. | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ SRG. |
| ടാൻഗ്രാം ഗണിതപഠനം രസകരമാക്കൽ- കരചലനശേഷി വികാസം രൂപങ്ങളെ തിരിച്ചറിയാൻ | ടാൻഗ്രാം ഉപയോഗിച്ച് വ്യത്യസ്ത ചിത്രങ്ങൾ തയ്യാറാക്കുന്നു. | ഉചിതമായ സമയത്ത് | ക്ലാസ്സ് ടീച്ചർ |
| നിറയുന്ന കണക്ക് പെട്ടി ഓരോ യൂണിറ്റിനും ആവശ്യമായ പഠനസാമഗ്രികൾ തയ്യാറാക്കി സൂക്ഷിക്കൽ. | പഠനോപകരണ ശില്പശാല | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ SRG പി.ടി.എ. |
| ഗണിത ശേഷികളുടെ പ്രകടനം. | ക്വിസ്, പസിൽ, പാറ്റേൺ, ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന്. (പഠനോത്സവം) | SRG ക്ലാസ്സ് ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## – ക്ലാസ്തലം

Class : V

വിഷയം : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| Unit-1<br>പീലിയുടെ ഗോത്രം<br><br>- വ്യത്യസ്ത സാമൂഹിക ചുറ്റുപാടുകൾ<br>- പ്രത്യേക സമൂഹങ്ങളുടെ സംസ്കാരം<br>- ഭിന്നശേഷിസൗഹൃദ അന്തരീക്ഷം | - വിവരണം<br>- ചിത്രം വരയ്ക്കൽ<br>- പതിപ്പ് തയ്യാറാക്കൽ<br>- കുറിപ്പ് തയ്യാറാക്കൽ<br>- റോൾപ്ലേ<br>- യാത്രാഗാനശേഖരണം<br>- ഭാവനാചിത്രം തയ്യാറാക്കൽ<br>- ചർച്ച<br>- അഭിമുഖം - ചോദ്യാവലി<br>- വീഡിയോ തയ്യാറാക്കൽ<br>- നിർമ്മാണം<br>- യാത്രാനുഭവം<br>- യൂണിറ്റ് ടെസ്റ്റ്. | June | അധ്യാപിക<br><br>കുട്ടികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല :

യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | | |
|---|---|---|---|---|
| 1) കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക. | ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങളും അവരുടെ കണ്ടുപിടുത്തങ്ങളും പ്രദർശിപ്പിക്കുക, പരീക്ഷണങ്ങൾ ഒരുക്കൽ, അവതരിപ്പിക്കൽ, ഒരു കുട്ടിക്ക് ഒരു പരീക്ഷണം, | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, ഊർജ്ജ ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | സയൻസ് ക്ലബ്ബ് പി.ടി.എ. |
| 2) ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി- ജൈവ വൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | പി.ടി.എ. |